<u>2019 ലെ മൺസൂൺ മുന്നൊരുക്കങ്ങളുടെ ഭാഗമായി 21.05.2020 തീയതി രാവിലെ 11.00 മണിക്ക് ചേർന്ന ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗത്തിന്റെ നടപടി കുറിപ്പ്.</u>

കേരളത്തിൽ ജൂൺ 1 തീയതി മൺസൂൺ ആരംഭിക്കുമെന്നാണ് കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിച്ചിട്ടുള്ളതെന്നും കഴിഞ്ഞ മൺസൂൺ സീസണിൽ നേരിടേണ്ടി വന്ന ദുരന്തവുമായി ബന്ധപ്പെട്ട് ആയത് നേരിടുന്നതിൽ വന്ന പോരായ്മകളുടെയും അനുഭവ പാഠങ്ങളുടെയും വെളിച്ചത്തിലും കോവിഡ് 19 പകർച്ചവ്യാധിയുടെ ഭീഷണി നിലനിൽക്കുന്നതിനാലും ഇത്തവണത്തെ മൺസൂൺ സീസണിൽ ഓരോ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ചട്ടലവും യഥാസമയം ഇടപെടാനാവുന്ന തരത്തിലേക്ക് ഉയരണമെന്നും ബന്ധപ്പെട്ട വകുപ്പുകളുടെ ഉത്തരവാദിത്വങ്ങൾ യഥാസമയം ലഭ്യമാകുന്ന തരത്തിലുള്ള ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി വെക്കണമെന്നും ജില്ലാ കളക്ടറുടെ അധികച്ചുമതല വഹിക്കുന്ന എ .ഡി.എം ആമുഖമായി പറഞ്ഞു.

കഴിഞ്ഞ വർഷം അഭിമുഖീകരിച്ച ദുരന്തം നൽകിയ പാഠം ഉൾക്കൊണ്ട് കൊണ്ട് മാറ്റിപ്പാർപ്പിക്കേണ്ടവരെ മുൻകൂട്ടി കണ്ടെത്തുകയും അപകട ദുരന്തമേഖലകളിൽ പരിശോധന നടത്തി ദുരന്തസാധ്യത മനസ്സിലാക്കി വെക്കുകയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ജാഗ്രത നിർദ്ദേശങ്ങൾ യഥാസമയം ജനങ്ങളിലേക്കെത്തിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്നും മുൻപ് പ്രളയം ഉണ്ടായ സ്ഥലങ്ങളിൽ കൂടുതൽ ശ്രദ്ധ കാണിക്കേണ്ടതുമാണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.

സംസ്ഥാന അടിയന്തിര ഘട്ട കാര്യനിർവ്വഹണ കേന്ദ്രം (SEOC) പുറപ്പെടുവിച്ച കാലവർഷ–തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖയിൽ (ഓറഞ്ച് ബുക്ക്) പരാമർശിക്കുന്ന കാര്യങ്ങൾ വകുപ്പുകൾ യഥാസമയം നടപ്പിൽ വരുത്തണമെന്നും തഹസിൽദാർമാർ താലൂക്ക് തലത്തിൽ ദുരന്തിനിവാരണ പ്രവർത്തനങ്ങൾ ഏകോപിക്കണമെന്നും അധ്യക്ഷൻ യോഗത്തിൽ നിർദ്ദേശിച്ചു.

തുടർന്ന് പ്രധാന വകുപ്പുമായി ബന്ധപ്പെട്ട് ഇതിനോടകം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി. താഴെ പറയുന്ന തീരുമാനങ്ങൾ കൈകൊള്ളുകയുണ്ടായി.

<u>തീരുമാനങ്ങൾ</u>

1. കോവിഡ് 19 പകർച്ചവ്യാധിയുടെ ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രളയമുണ്ടായാൽ ജനങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ട ക്യാമ്പുകളിൽ തിരക്ക് ഒഴിവാക്കാനായി 2018,2019 വർഷങ്ങളിലെ പ്രളയബാധിതമേഖകളിലെ താമസക്കാരെ(പ്രത്യേകിച്ച് കുട്ടികൾ, ഗർഭിണികൾ, മുതിർന്നവർ, രോഗികൾ) ബന്ധുക്കളുടെയോ സുഹൃത്തുകളുടേയോ വീടുകളിലേക്കോ മറ്റു സുരക്ഷിതമായ സ്ഥലങ്ങളിലേക്കോ മഴക്കാലത്തിന് മുൻപ് തന്നെ മാറ്റി പാർപ്പിക്കേണ്ടതാണ് . കൂടാതെ ഹോം ക്വാറന്റയിനിൽ കഴിയുന്നവരെയും , കോവ്ഡ് 19 രോഗലക്ഷണങ്ങൾ ഉള്ളവരെയും പാർപ്പിക്കാനുള്ള ക്യാമ്പുകൾ മുൻകൂട്ടി കണ്ടെത്തേണ്ടതും അവയുടെ ആരോഗ്യപരമായ പരിപാലനത്തിന് ആരോഗ്യവകുപ്പ് പ്രത്യേകം നടപടി ക്രമങ്ങൾ സ്വീകരിക്കേണ്ടേതുമാണ് .(നടപടി – തഹസിൽദാർമാർ, ഡി.എം.ഒ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ)
2. ദുരന്തനിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപിക്കുന്നതിനായി താലൂക്ക്, വില്ലേജ് തലങ്ങളിൽ കോർ ടീം രൂപീകരിക്കേണ്ടതാണ്. (നടപടി – തഹസിൽദാർമാർ)
3. ജൂൺ 1 ന് മുൻപായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധ്യക്ഷൻമാരുടെ യോഗം ചേരേണ്ടതാണ്. (നടപടി – ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്)
4. കോവിഡ് 19 പകർച്ചവ്യാധിയുടെ ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ സന്നദ്ധപ്രവർത്തകരുടെ വിന്യാസത്തിൽ പ്രത്യേക ശ്രദ്ധ ആവശ്യമുള്ളതും ഹോട്ട് സ്പോട്ടുകളിൽ നിന്നോ, കണ്ടൈൻമെന്റ് സോണിൽ നിന്നോ വന്നവരെ രക്ഷാപ്രവർത്തനത്തിനും മറ്റും ഉൾപ്പെടുത്താതിരിക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതുമാണ്.

5. പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവരെ കാലവർഷം ആരംഭിക്കുന്നതിനുമുൻപ് തന്നെ സുരക്ഷിതമായ താമസസ്ഥലങ്ങളിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (നടപടി – ഐ.റ്റി.ഡി.പി)
6. സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് ഉറപ്പുവരുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ കർശനമായി നടപ്പിൽ വരുത്തേണ്ടതും സ്കൂൾ മുറ്റത്തും പരിസരത്തും കുട്ടികളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന തരത്തിലുള്ള മരങ്ങളും ചില്ലകളും മുറിച്ച് മാറ്റേണ്ടതുമാണ്. (നടപടി – ഡി.ഡി.ഇ.മലപ്പുറം)
7. അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ രക്ഷാപ്രവർത്തന ഉപകരണങ്ങളുടെ ലഭ്യത ഫയർ & റസ്ക്യൂ വകുപ്പ് ഉറപ്പ് വരുത്തേണ്ടതും അത്യാവശ്യമായ വേണ്ട ഉപകരണങ്ങളുടെ ലിസ്റ്റ് അടിയന്തിരമായി കളക്ടറേറ്റിൽ സമർപ്പിക്കേണ്ടതുമാണ്.(നടപടി – ജില്ലാ ഫയർ ഓഫീസർ , മലപ്പുറം)
8. കനത്ത മഴ ഉണ്ടാകുന്ന സാഹചര്യത്തിൽ മാറ്റിപ്പാർപ്പിക്കേണ്ടതായിട്ടുള്ള അംഗൻവാടികളുടെ ലിസ്റ്റ് ചെയ്തു വെക്കേണ്ടതും ആവശ്യമെങ്കിൽ മാറ്റുന്നതിന് വേണ്ട കെട്ടിടം കണ്ടെത്തേണ്ടതുമാണ് .(നടപടി – ജില്ലാ സാമൂഹിക നീതി ഓഫീസർ , മലപ്പുറം.)
9. അടിയന്തിരഘട്ടങ്ങളിൽ ക്യാമ്പുകളിലേക്ക് ആവശ്യമായ ഭക്ഷ്യ ധാന്യങ്ങളും എണ്ണയും മണ്ണെണ്ണയും എല്ലാ താലൂക്കിലുമുള്ള സപ്ലൈ ഓഫീസർമാർ തഹസിൽദാർമാർക്ക് എത്തിക്കേണ്ടതാണ്. (നടപടി – ജില്ലാ സപ്ലൈ ഓഫീസർ)
10. അടിയന്തിരസാഹചര്യങ്ങളിൽ ഉപയോഗിക്കാനാവശ്യമായ ബോട്ടുകളുടേയും വള്ളങ്ങളുടേയും ഡ്രൈവർമാരുടേയും വിവരങ്ങൾ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ ലഭ്യമാക്കേണ്ടതാണ്. (നടപടി – ഡി.ഡി.ഫിഷറീസ്)
11. ഓരോ വില്ലേജുകളിലേയും ദുരന്തസാധ്യത മേഖലകൾ കണ്ടെത്തുകയും ഏതു തരത്തിലുള്ള അപകടമാണ് ഉണ്ടാകാൻ സാധ്യതയെന്നും മനസ്സിലാക്കി അടിയന്തിര ഘട്ടങ്ങളിൽ സ്വീകരിക്കോണ്ട നടപടികൾ സംബന്ധിച്ചും ഒരു ധാരണയിലെത്തേണ്ടതും യഥാസമയം ബന്ധപ്പെട്ട ചുമതലതകൾ നിർവ്വഹിക്കേണ്ടതുമാണ്. (നടപടി– തഹസിൽദാർമാർ , വില്ലേജ് ഓഫീസർമാർ)
12. വൈദ്യുത ലൈൻ പൊട്ടി വീണും മറ്റും ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും വൈദ്യുതി മുടക്കം ഇല്ലാതിരിക്കുന്നതിനും കെ.എസ്.ഇ.ബി. യഥാസമയം ഇടപെണ്ടതും, എല്ലാ സർക്കിളിനു കീഴിലും QRT ടീമുകൾ സജ്ജീകരിക്കേണ്ടതുമാണ്.(നടപടി– KSEB ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ , തിരൂർ , മഞ്ചേരി, മലപ്പുറം , നിലമ്പൂർ)
13. അടിയന്തിരഘട്ടങ്ങളിൽ പൊട്ടി വീണ മരചില്ലകളും മറ്റും യഥാസമയം മുറിച്ച് മാറ്റുന്നതിന് ആവശ്യമായ തൊഴിലാളികളെയും കോൺട്രാക്ടർമാരെയും മുൻകൂട്ടി കണ്ടെത്തി വെക്കേണ്ടതാണ്.(നടപടി– KSEB ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ , തിരൂർ , മഞ്ചേരി, മലപ്പുറം , നിലമ്പൂർ)
14. ജില്ലയിൽ ലഭ്യമായ ട്രക്ക്, ജെ.സി.ബി, ഹിറ്റാച്ചി, ചെയിൻ ബെൽറ്റുള്ള ഹിറ്റാച്ചി, വാഹനത്തിൽ ഘടിപ്പിച്ചിട്ടുള്ള വലിയ ജനറേറ്റർ എന്നിവയുടെ വിവരങ്ങളും ഉടമസ്ഥരുടെ വിവരങ്ങളും ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ ലഭ്യമാക്കേണ്ടതാണ്. (നടപടി – ആർ.റ്റി.ഒ)
15. മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി എല്ലാ വില്ലേജ് തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ , മെഡിക്കൽ ഓഫീസർമാർ , കെ.എസ്.ഇ,ബി. , പോലീസ് ബീറ്റ് ഓഫീസർമാർ , തുടങ്ങിയ വകുപ്പ് ഉദ്യോഗസ്ഥരുടെ ഒരു യോഗം അടിയന്തിരമായി ചേരേണ്ടതാണ് . (നടപടി– തഹസിൽദാർമാർ ,വില്ലേജ് ഓഫീസർമാർ)
16. തോടുകൾ , കനാലുകൾ , കൾവർട്ടുകൾ എന്നിവ മഴക്കു മുമ്പായി ക്ലീൻ ചെയ്യേണ്ടതും വെള്ളം സുഗമമായി ഒഴുകി പോകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതതുമാണ്. (നടപടി – എക്സിക്യൂട്ടീവ് എഞ്ചിനീയർ , ഇറിഗേഷൻ , മൈനർ ഇറിഗേഷൻ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , മലപ്പുറം ,

എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും)

17. കഴിഞ്ഞ വർഷങ്ങളിലെ പ്രളയസമയത്ത് ഗതാഗതയോഗ്യമല്ലാതായിതീർന്ന റോഡുകളുടെ പട്ടികയും അതിന് പകരമായിട്ടുള്ള സമാന്തര റോഡുകളുടെ പട്ടികയും ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ ലഭ്യമാക്കേണ്ടതാണ്. (നടപടി – പൊതുമരാമത്ത് നിരത്ത് വിഭാഗം)
18. അപകട – ദുരന്ത സമയങ്ങളിൽ പൊതുജനങ്ങൾക്ക് ജാഗത്രൃ സന്ദേശങ്ങൾ നൽകേണ്ടതാണ്. (നടപടി– തഹസിൽദാർമാർ)
19. വില്ലേജ് ഓഫീസർമാർ ഓരോ വില്ലേജ് പരിധിയിലുള്ള ഉദ്യോഗസ്ഥരുടെ നമ്പരുകൾ എഴുതി സൂക്ഷിക്കേണ്ടതും അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിന് രജിസ്റ്റേർഡ് സന്നദ്ധ സംഘടനകളുടെ നമ്പരുകളും മറ്റും കണ്ടെത്തി വെക്കേണ്ടതുമാണ്. (നടപടി– തഹസിൽദാർമാർ വില്ലേജ് ഓഫീസർമാർ)
20. മത്സ്യതൊഴിലാളികൾക്കുള്ള ജാഗ്രത സന്ദേശങ്ങൾ അപ്പപ്പോൾ തന്നെ മത്സ്യതൊഴിലാളികളിലേക്കെത്തിക്കുന്നതിനും സന്ദേശങ്ങൾ മറികടന്ന് കടലിൽ പോകുന്നത് തടയുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.(നടപടി – ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ,പൊന്നാനി. കോസ്റ്റൽ പോലീസ് , പൊന്നാനി)
21. കേരള വാട്ടർ അതോറിറ്റി ഫില്ലിംഗ് സ്റ്റേഷനുകളുടെ ലിസ്റ്റ് ബന്ധപ്പെട്ട തഹസിൽദാർമാർക്ക് അടിയന്തിരമായി കൈമാറേണ്ടതാണ്.(എക്സിക്യൂട്ടീവ് എഞ്ചിനീയർ , കേരള വാട്ടർ അതോറിറ്റി , മലപ്പുറം , എടപ്പാൾ)
22. ദുരിതബാധിതരെ മാറ്റിപ്പാർപ്പിക്കുന്നതിനായി കണ്ടെത്തി വെച്ചിട്ടുള്ള കെട്ടിടങ്ങൾ അടിയന്തിരമായി ബന്ധപ്പെട്ട അസി.എഞ്ചിനീയർമാരോട് പരിശോധന നടത്തിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി വെക്കേണ്ടതാണ്. (നടപടി – തഹസിൽദാർമാർ , എക്സിക്യൂട്ടീവ് എഞ്ചിനീയർ തദ്ദേശ സ്വയംഭരണ വകുപ്പ് , മലപ്പുറം)
23. പ്രതിരോധ മരുന്നുകൾ , ക്ലോറിനേഷൻ സാമഗ്രികൾ, ആന്റി വെനം എന്നിവയുടെ ലഭ്യത ഉറപ്പ വരുത്തേണ്ടതാണ് . (നടപടി – ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം)
24. ജൂൺ 1 മുതൽ ദൈനംദിന ദുരന്ത റിപ്പോർട്ട് നിശ്ചിത ഫോർമാറ്റിൽ ദിവസവും ഉച്ചക്ക് 1.00 മണിക്ക് മുൻപ് ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ ലഭ്യമാക്കേണ്ടതാണ്.(നടപടി – തഹസിൽദാർമാർ, പോലീസ്, ആരോഗ്യം, മൃഗസംരക്ഷണം, പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണ പൊതുമരാമത്ത്)
25. സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം (SEOC) പുറപ്പെടുവിച്ച കാലവർഷ–തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖയിൽ പരാമർശിക്കുന്ന കാര്യങ്ങൾ (ഓറഞ്ച് ബുക്ക്) ബന്ധപ്പെട്ട വകുപ്പുകൾക്ക് പ്രത്യേകം അയച്ച് നൽകേണ്ടതാണ്.(നടപടി – ഡി.എം സെക്ഷൻ കളക്ടറേറ്റ് , മലപ്പുറം)

26. ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ നിന്നും ഓറഞ്ച് ബുക്ക് ലഭിക്കുന്ന മുറക്ക് ബന്ധപ്പെട്ട വകുപ്പുകൾ നടത്തേണ്ട പ്രവൃത്തികൾ പൂർത്തീകരിച്ച് ആയതിന്റെ റിപ്പോർട്ട് ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ ലഭ്യമാക്കേണ്ടതാണ്.

Signature Not Verified
Digitally signed by MEHARALI
Date: 2020.05.22 15:26:37 IST
Reason: Approved

ചെയർപേഴ്സൺ & ജില്ലാ കളക്ടർ (ഇൻചാർജ്)
ജില്ലാ ദുരന്തനിവാരണ അതോറിറ്റി

സ്വീകർത്താവ്

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും

പകർപ്പ്

ജില്ലാ ഇൻഫർമേഷൻ ഓഫീസർ, മലപ്പുറം (പത്ര–ദൃശ്യ മാധ്യമങ്ങളിൽ – പരസ്യപ്പെടുത്തുന്നതിനായി)